(സി) എയ്ഡ്സ് പ്രതിരോധത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ആയതിനായി നാളിതുവരെ ചെലവായ തുക എത്രയെന്നും വിശദമാക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു†.

(ബി) പ്രോജക്ടുകളിൽ ഭൂരിഭാഗവും കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. 6 പ്രോജക്ടുകൾ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നേരിട്ട് നടത്തുന്നു. സൊസൈറ്റി നേരിട്ട് നടത്തുന്ന പ്രോജക്ടുകൾക്കുള്ള തുക ലോകബാങ്കിൽ നിന്നും മറ്റുള്ളവയ്ക്ക് ബ്രിട്ടീഷ് സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റിൽ നിന്നുമാണ് ലഭിക്കുന്നത്. ഈ രണ്ട് തുകകളും ഭാരത സർക്കാരിന്റെ ആരോഗ്യ കുടുംബ ക്ഷേമവകുപ്പിലെ നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വഴിയാണ് ലഭിക്കുന്നത്.

എച്ച്.ഐ.വി. അണുബാധ ഉണ്ടാകാൻ കൂടുതൽ സാദ്ധ്യതയുള്ള ജന വിഭാഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നുള്ള പ്രവർത്തനങ്ങളുടെ ഏകോപനം, അവയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ശരിയായ സേവനം നൽകാൻ പ്രാപ്തരാകുവാനുള്ള പരിശീലനം നൽകൽ, മറ്റ് ഏജൻസികളുമായുള്ള സഹകരണം, കണക്കുകളുടെ പ്രാഥമിക പരിശോധന, വാർഷിക ഓഡിറ്റ് എന്നിവയാണ് സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിയുടെ ചുമതലകൾ, കൂടാതെ പ്രോജക്ടുകൾ കാലക്രമേണ സ്വയംപര്യാപ്തമാകാനുള്ള ചുറ്റുപാടുകൾ ഉണ്ടാക്കുക എന്നതും എസ്.എം.എ.യുടെ ചുമതലയിൽപ്പെടുന്നു.

(സി) കേരളത്തിൽ എയ്ഡ്സ് പ്രതിരോധത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു†. 1999-ൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നിലവിൽ വന്നശേഷം നാളിതുവരെ 3,135 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ഗോശ്രീ പദ്ധതി

23 (*546) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോശ്രീ പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് ഉൾക്കൊള്ളുന്നത് ;

(ബി) ഇതിനുവേണ്ട മതിപ്പ് ചെലവെത്രയാണ് ;

(സി) പ്രസ്തുത തുക എപ്രകാരമാണ് കണ്ടെത്തുന്നത് ;

---

† അനുബന്ധം III, III എ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിയുടെ എത്ര ശതമാനം പണി പൂർത്തിയാക്കി ;

(ഇ) ശേഷിക്കുന്ന പണികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) 25 ഹെക്ടർ കായൽ നികത്തൽ, എറണാകുളത്തെ വൈപ്പിനുമായി ബന്ധിപ്പിക്കുന്ന 3 പാലങ്ങൾ, അനുബന്ധ റോഡുകൾ, നികത്തു ഭൂമിയിലെ റോഡ് ശൃംഖല മുതലായവയുടെ നിർമ്മാണം എന്നിവയാണ് ഗോശ്രീ പദ്ധതിയിൽ ഉൾപ്പെടുന്ന പരിപാടികൾ.

(ബി) 84 കോടി രൂപ.

(സി) ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് കടമെടുത്താണ് പണി നടത്തുന്നത്. നികത്തിയ സ്ഥലം വിറ്റു കിട്ടുന്ന പണം ഉപയോഗിച്ച് പ്രസ്തുത കടം വീട്ടുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഇപ്പോൾ 60% പണി പൂർത്തിയാക്കി.

(ഇ) 2003 ഡിസംബർ 31-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വികസന പദ്ധതികൾ സംബന്ധിച്ച സാദ്ധ്യതാ പഠനത്തിനുള്ള കൺസൾട്ടന്റുമാരുടെ നിയമനം

24 (*547) ശ്രീമതി മേഴ്സി രവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് സഹകാര്യ സഹായം നേടുന്നതിന് ബന്ധപ്പെട്ട പദ്ധതികളുടെ സാദ്ധ്യതാ പഠനത്തിന് കൺസൾട്ടന്റുമാരെ നിയോഗിക്കേണ്ടതുണ്ടോ ;

(ബി) അതിന് സഹകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയുമാണോ ; അതോ ഗവൺമെന്റ് ഉദ്യോഗസ്ഥരെയാണോ നിയോഗിക്കേണ്ടത് ;

(സി) സഹകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയുമാണ് കൺസൾട്ടന്റായി നിയോഗിക്കേണ്ടതെങ്കിൽ അതിന് യോജിച്ച വ്യക്തികളെയും സ്ഥാപനങ്ങളെയും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം കൺസൾട്ടന്റായി നിയമിക്കാൻ പറ്റിയവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly